# Std. 4 - Chapter 8 - Revision - Main points

## പാഠം 8 – ഈശോയെ സ്വീകരിക്കാൻ

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഈശോയുടെ ഉത്ഥാനത്തിനുശേഷം രണ്ടു ശിഷ്യന്മാർ ഏത് ഗ്രാമത്തിലേക്കാണ് യാത്ര ചെയ്തിരുന്നത്? | എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക്. |
| 2 | എമ്മാവൂസിലേക്കുള്ള യാത്രയിൽ ശിഷ്യന്മാരുടെ മുഖഭാവം എന്തായിരുന്നു? | അവർ മ്ലാനവദനരായിരുന്നു. |
| 3 | എമ്മാവൂസിലേക്കുള്ള യാത്രാമധ്യേ ശിഷ്യന്മാർ എന്തിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്? | നസ്രായനായ ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനവാർത്തയെയും കുറിച്ച്. |
| 4 | മിശിഹാ ഇതെല്ലാം സഹിച്ചു മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടതായിരുന്നുവെന്ന് ഈശോ അവർക്ക് വിശദീകരിച്ചു കൊടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണ്? | വിശുദ്ധഗ്രന്ഥം ഉദ്ധരിച്ചുകൊണ്ട് ഈശോ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു. (ലൂക്കാ 24:13–15) |
| 5 | **1. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ഈശോയെ തിരിച്ചറിഞ്ഞതെപ്പോൾ?** | അവർ എമ്മാവൂസിൽ എത്തിയശേഷം ഭക്ഷണത്തിനിരുന്നപ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്ക് കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവർ ഈശോയെ തിരിച്ചറിയുകയും ചെയ്തു. |
| 6 | ഈശോ ഏത് തിരുനാളിലാണ് വിശുദ്ധ കുർബാന സ്ഥാപിച്ചത്? | പെസഹാത്തിരുനാളിൽ. |
| 7 | വിശുദ്ധ കുർബാനയിലൂടെ ഈശോ നമ്മുടെ ആത്മാവിന് ഭക്ഷണമായി നൽകുന്നത് എന്താണ്? | ഈശോയുടെ ശരീരവും രക്തവും. |
| 8 | പാപമോചനവും ദൈവീകജീവനും നൽകുന്ന ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കാൻ നാം നേടേണ്ട യോഗ്യത എന്താണ്? | ഹൃദയവിശുദ്ധി. |
| 9 | നാം കൃപാവരാവസ്ഥയിലാണോ എന്ന് അറിയാൻ നാം എന്ത് ചെയ്യണം? | ആത്മശോധന ചെയ്യണം. |
| 10 | ഏത് അവസ്ഥയിലായിരിക്കുമ്പോഴാണ് വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ലാത്തത്? | മാരകമായ പാപങ്ങളോടെ. |
| 11 | **2. മാരകപാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പ് എന്തുചെയ്യണം?** | മാരകമായ പാപങ്ങളോടെ വി. കുർബാന സ്വീകരിക്കുവാൻ പാടില്ല. അതിനാൽ അനുരഞ്ജന കൂദാശയിലൂടെ പാപമോചനം നേടി ഹൃദയവിശുദ്ധിയോടെ വേണം ഈശോയെ സ്വീകരിക്കുവാൻ. |
| 12 | അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാനപാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുന്നവൻ എന്തിനെതിരേയാണ് തെറ്റ് ചെയ്യുന്നത്? | കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 13 | വിശുദ്ധ കുർബാന എന്ന സ്നേഹത്തിന്റെ കൂദാശ സ്വീകരിക്കുമ്പോൾ നാം ആരോ ടെല്ലാം ഐക്യപ്പെട്ട് ജീവിക്കണമെന്നാണ് ഓ ർമ്മിക്കേണ്ടത്? | **ദൈവത്തോടും സഹോദരങ്ങളോടും.** |
| 14 | ഈ ഐക്യത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കു ന്ന വിശുദ്ധ കുർബാനയിലെ ഭാഗം ഏത്? | കുർബാനയിലെ സമാധാനാശംസ. |
| 15 | കുർബാന സ്വീകരണത്തിനു മുൻപുള്ള അ നുരഞ്ജനശുശ്രൂഷ നമ്മെ സഹായിക്കുന്ന ത് എന്തിന്? | **ആത്മശോധന ചെയ്യാനും ദൈവത്തോടും സഹോദര ങ്ങളോടും അനുരഞ്ജനപ്പെടുവാനും പാപമോചനം നേടു വാനും.** |
| 16 | വിശുദ്ധ കുർബാന സ്വീകരിക്കാൻ നമ്മുടെ ഒ രുക്കത്തെ കൂടുതൽ ശക്തമാക്കുന്ന ഘടകം ഏത്? | **കുർബാന സ്വീകരണത്തിനു മുമ്പുള്ള ഉപവാസം.** |
| 17 | ദിവ്യകാരുണ്യ സ്വീകരണത്തിന് മുൻപ് എത്ര സമയം ഉപവസിക്കണം? | **ഒരു മണിക്കൂറെങ്കിലും.** |
| 18 | ഈശോയുടെ ശരീരവും രക്തവും സ്വീകരി ക്കുന്നവർ എന്തിൽ പങ്കാളികളാകുന്നു? | **ഈശോയുടെ ദൈവീകജീവനിൽ.** |
| 19 | ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുന്ന നാം എ ങ്ങനെ ജീവിക്കണം? | **ഒരുമയിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും.** |
| 20 | **3. വി. കുർബാന യോഗ്യതയോടെ സ്വീകരി ക്കാൻ വേണ്ട കാര്യങ്ങൾ ഏവ?** | **1) കൃപാവരാവസ്ഥയിലായിരിക്കുക (പാപങ്ങളില്ലാത്ത അവ സ്ഥ), 2) ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പ് ഒരു മണി ക്കൂറെങ്കിലും ഉപവസിക്കുക, 3) വേണ്ടത്ര ഭക്തിയും ഒരുക്ക വും ഉണ്ടായിരിക്കുക.** |
| 21 | **4. നാമെല്ലാവരും ഈശോയിൽ ഒന്നായിത്തീ രുന്നത് എങ്ങനെ?** | **വി. കുർബാന പരസ്പര സ്നേഹത്തിന്റെയും ശുശ്രൂഷ യുടെയും വിരുന്നാണ്. ഈശോയുടെ ശരീരരക്തങ്ങൾ സ്വീ കരിക്കുന്ന എല്ലാവരും ഈശോയുടെ ദൈവീക ജീവനിൽ പ ങ്കാളികളാകുന്നു. ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുന്ന നമ്മൾ പരസ്പര സ്നേഹവും സാഹോദര്യവും പ്രകടിപ്പിച്ച് ഒരുമ യിൽ ജീവിക്കുമ്പോഴാണ് ഈശോയിൽ ഒന്നായിത്തീരുന്നത്.** |
| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുക യും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റു ചെയ്യുന്നു. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യട്ടെ. (1 കോറിന്തോസ് 11:2728) | |
| 2 | ''ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും, പാത്രത്തിൽ നി ന്നു പാനംചെയ്യുകയും ചെയ്യട്ടെ'' (1 കോറിന്തോസ് 11:28). | |